No.CEE/4900/2015/KEAM-2016/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## KEAM-2016:ഫീസ് റീഫണ്ട് ലഭിക്കുന്നത് സംബന്ധിച്ച് ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ സമർപ്പിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ചു

2016 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിച്ച് ഫീസ് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയ ശേഷം പ്രവേശനം നേടാതിരുന്നവർക്കും, നേടിയ പ്രവേശനം നിശ്ചിത സമയത്തിനകം റദ്ദ് ചെയ്തവർക്കും ഫീസ് റീഫണ്ട് ലഭിക്കാൻ വിദ്യാർത്ഥിയുടെയോ, അച്ഛൻ/അമ്മയുടെയോ ബാങ്ക് പാസ്സ്ബുക്കിന്റെ **അക്കൗണ്ട് നമ്പർ, IFS കോഡ്** എന്നിവ രേഖപ്പെടുത്തിയിട്ടുള്ള പേജ് സ്കാൻ ചെയ്ത് വെബ് പേജിൽ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി ഇമേജ് അപ്‌ലോഡ് ചെയ്യുന്നുന്നതിനുള്ള സമയം **2017 ജനുവരി 14**–വരെയായി ദീർഘിപ്പിച്ചു.

KEAM 2016 പ്രോസ്പെക്ടസ് ക്ലോസ് 12.2.3 പ്രകാരം അവസാന അലോട്ട്മെന്റിന് ശേഷം വിടുതൽ നേടുന്ന വിദ്യാർത്ഥികൾക്ക് ഫീസ് തിരികെ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

**കുറിപ്പ്:**– ബാങ്ക് അക്കൗണ്ട് സംബന്ധിച്ച് നൽകിയ വിവരങ്ങൾ ശരിയാണെന്ന് വിദ്യാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്. തെറ്റായ വിവരങ്ങൾ നൽകി ഫീസ് റീഫണ്ട് ലഭിക്കാതെ വന്നാൽ ആയതിന് പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദി ആയിരിക്കുകയില്ല.

തിരുവനന്തപുരം

11.01.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**